# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8123: 24/07/2012- ൽ മറുപടിക്ക്**

**ചെറുകിട വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം**

**ചോദ്യം** | **ഉത്തരം**

**ശ്രീ. റ്റി. യു. കരുവിള**

**,, സി. എഫ്. തോമസ്**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ തൊഴിലില്ലായ്മ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് ചെറുകിട - നാമമാത്ര വ്യവസായങ്ങളും സ്വയം സംരംഭക പദ്ധതികളും വ്യാപകമായി നടപ്പാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി വ്യവസായ വകുപ്പ് താഴെ പറയുന്ന സംവിധാനങ്ങളാണ് നടപ്പിലാക്കി വരുന്നത്.<br><br>കമ്പോള വിലയിലും താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഭൂമി നൽകൽ, ചെറുകിട വ്യവസായ സംരംഭകർക്ക് വേണ്ട മൂലധന വായ്പ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും മുഖേന ലഭ്യമാക്കുന്നു. സംസ്ഥാന നിക്ഷേപ സബ്സിഡി നൽകുന്നു, ഏകജാലക സംവിധാനങ്ങളിലൂടെ (ഗ്രീൻ ചാനൽ കൗണ്ടർ) ക്ലിയറൻസുകളും ലൈസൻസുകളും വേഗമാക്കുന്നു, സംരംഭകർക്ക് വ്യവസായ ബോധവൽക്കരണ സെമിനാറുകളും പരിശീലനവും നടപ്പാക്കി വരുന്നു. പ്രദർശന വിപണന മേളകളിലൂടെ ചെറുകിട ഇടത്തരം വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണന പ്രോത്സാഹന സൗകര്യം ഒരുക്കുന്നു. വ്യവസായ സംരംഭകർക്കാവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നടത്തുന്നു. ലഘു ചെറുകിട സംരംഭകരുടെ ഉൽപ്പന്ന വിൽപ്പനയിലൂടെ ലഭിക്കേണ്ട തുക ലഭ്യമാക്കുന്നതിനുള്ള തർക്കങ്ങൾ പരിഹരിച്ച് തുക ലഭ്യമാക്കാൻ മൈക്രോ സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നൽകുന്നതിനായി സംവിധാനം, സംരംഭകത്വ സഹായ പദ്ധതിയിൻ കീഴിൽ നിക്ഷേപ സബ്സിഡി ഊന്നൽ മേഖലയും വനിതാ, പട്ടികജാതി, പട്ടികവർഗ്ഗ സംരംഭകർക്കും പിന്നോക്ക ജില്ലകൾക്കും പ്രത്യേക ആനുകൂല്യങ്ങൾ, വ്യവസായ സഹകരണ മേഖലയും കരകൗശല മേഖലയും പ്രത്യേക ആനുകൂല്യങ്ങൾ, നിയന്ത്രിത സംസ്കൃത |

| | | | |
|---|---|---|---|
| | | | വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നു. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ലസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജനപ്പെടുത്തുന്നു. കേരളത്തിൽ സ്ഥലത്തിന്റെ പരിമിതി പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭം ആരംഭിക്കുന്നതിലേക്ക് ബഹുനില വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്ത് ഏറ്റവും അനുയോജ്യമായ വ്യവസായ മേഖല സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളാണെന്നുള്ളതുകൊണ്ട് ആ മേഖലയ്ക്ക് അങ്ങേയറ്റം പിന്തുണ നൽകി കൂടുതൽ ശക്തിപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി എമർജിംഗ് കേരള എന്ന പരിപാടി സെപ്തംബർ 12 മുതൽ 14 വരെ തീയതികളിൽ കൊച്ചിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി എല്ലാ ജില്ലകളിലും അതിനുതകുന്ന ഭൂമി കണ്ടെത്തി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് അനുയോജ്യമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുവാൻ ജില്ലാ വ്യവസായകേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | നിലവിലുള്ള ഇത്തരം വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തൊക്കെ പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ? | (ബി) | ചെറുകിട ഇടത്തരം വ്യവസായ സംരഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി 55.05 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇത് പശ്ചാത്തല വികസനം (പുതുതായി എസ്റ്റേറ്റുകൾക്കുള്ള സ്ഥലം ഏറ്റെടുക്കുക, ബഹുനില എസ്റ്റേറ്റുകൾ സ്ഥാപിക്കുക, മുതലായവ) ഗ്രാന്റ്, വിപണന സഹായം, നിലവിലുള്ള വ്യവസായങ്ങളുടെ വികസനം, പുതിയ ടെക്നോളജി വികസനം, ശേഷി വികസനം തുടങ്ങിയ പദ്ധതികൾക്കായാണ് പുതുതായി വ്യവസായം ആരംഭിക്കുന്ന സംരംഭകർക്ക്, സമയബന്ധിതമായി ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാനത്തെ വ്യാവസായിക വളർച്ച ലക്ഷ്യമിട്ട് വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സംരംഭകത്വ സഹായ പദ്ധതി (ഇഎസ്എസ്). |

സെക്ഷൻ ഓഫീസർ